LIBRARY ARCHIVES Kerala Legislative Assembly

മലക്കപ്പാറ ടൂറിസം കേന്ദ്രത്തിൽ എത്തുന്ന സഞ്ചാരികൾക്ക് താമസസൗകര്യം

128 (1885) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ ആവശ്യമായ സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ ഷോളയാർ ഗിരിജൻ സൊസൈറ്റി വക സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ ആവശ്യമായ സൗകര്യമൊരുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് ഗിരിജൻ സൊസൈറ്റിയുടെ നിവേദനം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത സ്ഥലത്ത് കോട്ടേജുകൾ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം സെക്രട്ടറി സമർപ്പിച്ച നിവേദനം 28-6-2010-ൽ സർക്കാരിന് ലഭിച്ചിരുന്നു. ഇതു പരിശോധിച്ച് പ്രസ്തുത പ്രൊപ്പോസൽ ഗ്രീൻ ഫാം സ്കീം വഴി സമർപ്പിക്കുകയാണെങ്കിൽ പദ്ധതിയുടെ അർഹതയനുസരിച്ച് പരിഗണിക്കുന്നതാണ് എന്ന വിവരം 12-10-2010-ലെ സർക്കാർ കത്ത് 46778/C1/10/TSM നമ്പർ പ്രകാരം ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണം

129 (1886) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ഏനാമാക്കൽ നെഹ്റു പാർക്കിന്റെ നിർമ്മാണത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു ; ഇനി എത്ര തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതുസംബന്ധിച്ച് ഡി.റ്റി.പി.സി.-യോട് വിശദീകരണം ചോദിച്ചിട്ടുണ്ടോ ;

(സി) വിശദീകരണം നൽകിയോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?